പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :1731

12.06.2019-ൽ
മറുപടിയ്ക്ക്

## കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം

*ചോദ്യം*

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

*ഉത്തരം*

ഡോ.കെ.ടി.ജലീൽ
ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കണമെന്ന നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) & (ബി) | കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് കെട്ടിടവിഭാഗം തയ്യാറാക്കിയ പ്രൊപ്പോസൽ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. |
| (ബി) | ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട് സമർപ്പിച്ച എസ്റ്റിമേറ്റ് പരിശോധിച്ചിട്ടുണ്ടോ; | | |
| (സി) | ഇത് സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ നിലവിലുള്ള ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കുമോ; | (സി) | 2019 ഏപ്രിൽ മാസത്തിൽ മൂന്ന് കോടി അടങ്കൽ തുകയായി പി.ഡബ്ല്യു ഡി വഴി തയ്യാറാക്കി നല്കിയ പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിച്ചിരുന്നു.പ്രസ്തുത പ്രൊപ്പോസൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ കൂടി സാക്ഷ്യപ്പെടുത്തി പുനഃ സമർപ്പിക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്ഥാപന മേധാവിക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. |
| (ഡി) | ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ